"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ. വകുപ്പ് - കണ്ണൂർ ജില്ല- സുൽത്താൻ കനാലിന്റെ ചെ. 0.300 കി.മീ. മുതൽ ചെ. 0.460 കി.മീ. വരെ വാടിക്കൽ റോഡിന് വടക്കു വശത്തെ വലതുകര സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണം- എസ്റ്റിമേറ്റ് പി.എ.സി തുകയേക്കാൾ 25.94% അധികരിച്ച ടെണ്ടർ സ്വീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(കൈ) നം.4/2025/CSIND തീയതി,തിരുവനന്തപുരം, 22-03-2025

---

പരാമർശം:-

1. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എൻജിനീയറുടെ 28.03.2023 ലെ AS/59D/22/25850 നമ്പർ ഉത്തരവ്.
2. ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 06.01.2024 ലെ IRR/IA/EST_TS/100/2022_5_9_8 നമ്പർ ഉത്തരവ്.
3. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എൻജിനീയറുടെ 24.08.2024 ലെ W2-1024/CE/IN/2023 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ മാടായി ഗ്രാമ പഞ്ചായത്തിലെ ഒൻപതാം വാർഡിൽ വാടിക്കൽ പാലം മുതൽ കാലിക്കൽ വരെയുള്ള സുൽത്താൻ കനാലിന്റെ സംരക്ഷണഭിത്തിക്ക് 2021 മൺസൂൺ കാലത്തും 2022 മെയ് മാസത്തിലും ഉണ്ടായ കനത്ത മഴയെത്തുടർന്ന് കേടുപാട് സംഭവിക്കുകയും അപകടാവസ്ഥ ഒഴിവാക്കുന്നതിന് താൽക്കാലിക സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ചെയ്തിരുന്നു. തുടർന്ന് സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണത്തിന് സുൽത്താൻ കനാലിന്റെ വലതുകരയിൽ ചൈനാക്ലേ തോടിന്റെ വടക്കുവശം80 മീറ്ററും തെക്കുവശം 50 മീറ്ററും ഉൾപ്പെടുത്തി പൈൽ & സ്ലാബ് പ്രൊട്ടക്ഷൻ വർക്ക് (1.80 കോടി രൂപ), സുൽത്താൻ കനാലിന്റെ 0.580 km മുതൽ ചെ. 0.720 km വരെ വലതുകര സംരക്ഷണഭിത്തിയുടെ പുനർനിർ മ്മാണം (2.00 കോടി രൂപ), സുൽത്താൻ കനാലിന്റെ വലതുകരയിൽ വാടിക്കൽ ബ്രിഡ്ജിന്റെ വടക്ക് വശം ch:0.300 km മുതൽ 0.460 km തകർന്ന ഭാഗങ്ങളിൽ പൈൽ & സ്ലാബ് പ്രൊട്ടക്ഷൻ വർക്ക് (2.00 കോടി രൂപ) എന്നിങ്ങനെ മൂന്ന് എസ്റ്റിമേറ്റുകളിലായി 5.8 കോടി രൂപയുടെ ഭരണാനുമതി ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എൻജിനീയർ നല്കിയിരുന്നു.

2. സുൽത്താൻ കനാലിന്റെ വലതുകരയിൽ വാടിക്കൽ ബ്രിഡ്ജിന്റെ വടക്ക് വശം ചെ0.300 കി.മീ മുതൽ 0.460 കി.മീ വരെ തകർന്ന ഭാഗങ്ങളിൽ സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണ പ്രവൃത്തിക്ക് എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമെൻ മുഖേന തയ്യാറാക്കിയ ഡിസൈനിന്റെ അടിസ്ഥാനത്തിൽ 1.87 കോടി രൂപയുടെ സാങ്കേതികാനുമതി ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടർ പരാമർ ശം (2) പ്രകാരം നൽകുകയുണ്ടായി. മൂന്ന് തവണ പ്രവൃത്തി

ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ ബിഡ് സമർപ്പിക്കുകയുണ്ടായില്ലെന്നും നാലാം തവണ 07.06.2024 -ലെ ടെൻഡർ പ്രകാരം രണ്ട് കരാറുകാർ ടെൻഡർ ബിഡ് സമർപ്പിച്ചുവെന്നും എൽ-1 ബിഡ്ഡറായ മെ. TBAS ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് ക്വോട്ട് ചെയ്ത തുക 1,78,37,850.05/- രൂപയാണെന്നും എൽ.എം.ആർ തുക, ഡിഎസ്ആർ + 10% എന്നിവയുമായി ക്വോട്ട് ചെയ്ത തുക താരതമ്യപ്പെടുത്തുമ്പോൾ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 25.94% കൂടുതലാണെന്നും ടെൻഡർ എക്സസ് 10% ൽ താഴെയായി കുറയ്ക്കുന്നതിന് എൽ1 ബിഡ്ഡറുമായി ചർച്ച നടത്തിയെങ്കിലും, നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികൾ കര, ജലമാർഗങ്ങളിലൂടെ സൈറ്റിൽ എത്തിക്കേണ്ടി വരുമെന്നതിനാലും, സുൽത്താൻ കനാലിലൂടെ നിരവധി മത്സ്യബന്ധന ബോട്ടുകൾ എപ്പോഴും പോകുന്നതിനാൽ സമയബന്ധിതമായി പ്രവൃത്തി നടപ്പാക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും നിരക്ക് കുറയ്ക്കാൻ നിർ വ്വാഹമില്ലെന്ന് ബിഡ്ഡർ അറിയിച്ചിട്ടുണ്ടെന്നും, 4 തവണ ടെണ്ടർ ചെയ്തിട്ടും മെച്ചപ്പെട്ട പ്രതികരണങ്ങൾ ലഭിക്കാത്തതിനാൽ റീടെണ്ടർ ചെയ്താലും മെച്ചപ്പെട്ട പ്രതികരണം ലഭിക്കാൻ സാധ്യതയില്ലാത്തതിനാലും സമീപത്തെ വീടുകൾക്ക് അടിയന്തരമായി സംരക്ഷണം ഉറപ്പാക്കേണ്ടതുള്ളതിനാലും ടെണ്ടറിന് അംഗീകാരം നല്കണമെന്ന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എൻജിനീയർ പരാമർശം(3) ലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ സുൽത്താൻ കനാലിന്റെ ചെ.0.300 കി.മീ മുതൽ ചെ.0.460 കി.മീ വരെ വാടിക്കൽ റോഡിന് വടക്ക് വശത്തെ വലതുകര സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണത്തിന് എൽ- 1 ബിഡ്ഡറായ മെ. T B A S ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച എസ്റ്റിമേറ്റ് P A C തുകയായ 1,41,64,113/- രൂപയേക്കാൾ 25.94% അധികരിച്ച തുകയായ 1,78,37850/-(ഒരു കോടി എഴുപത്തിയെട്ട് ലക്ഷത്തി മുപ്പത്തേഴായിരത്തി എണ്ണൂറ്റി അൻപത്) രൂപയുടെ ടെൻഡർ സ്വീകരിക്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എൻജിനീയർക്ക് താഴെപ്പറയുന്ന വ്യവസ്ഥകളോടെ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് LBS തയ്യാറാക്കിയ ഡിസൈൻ ഇറിഗേഷൻ ഡിസൈൻ റിസർച്ച് ബോർഡ് (IDRB) പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ടെന്ന് ടി. എസ് അതോറിറ്റി ഉറപ്പാക്കണം.
2.ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നിർബന്ധിത റിപ്പോർട്ടിംഗ് കൃത്യസമയത്ത് നടക്കുന്നുവെന്ന് ടി. എസ് അതോറിറ്റി ഉറപ്പാക്കണം.
3.റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർബന്ധിത ഇനങ്ങൾക്ക് പുറമേ, കാറ്റാടി മരക്കമ്പുകൾ വിതരണം ചെയ്യുന്നതും ഉപയോഗിക്കുന്നതും ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യണം.
4.ഉയർ ന്ന നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള ഇനങ്ങൾ അംഗീകരിച്ച പരിധിയേക്കാൾ ഉയരുന്നില്ലെന്ന് നിർവ്വഹണ സമയത്ത് ചീഫ് എഞ്ചിനീയർ ഉറപ്പാക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് ( 18/03/2025- ലെ ഇനം.നം. 2774)

ധനകാര്യ (I & PW-B) വകുപ്പ് ( No. 2940327 /I&PW-B3/262/2024-FIN തീയതി 04.01-2025).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്( സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ1/241/2024/സി.എസ്.ഐ.എൻ.ഡി.).

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 24-03-2025 10:42:02

സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

സി.എസ്.ഐ.എൻ. വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-03-2025

ഫയൽ നം. എ1/241/2024/സി.എസ്.ഐ.എൻ.ഡി. ഇനം നം: 2774

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് - കണ്ണൂർ ജില്ലയിലെ സുൽത്താൻ കനാലിന്റെ ചെ.0.300 Km മുതൽ ചെ.0.460 Km വരെ വാടിക്കൽ റോഡിന് വടക്കു വശത്തെ വലതുകര സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണത്തിന് എൽ-1 ബിഡ്ഡർ (M/s.TBAS Infrastructure Pvt Ltd) സമർപ്പിച്ച PAC തുകയേക്കാൾ 25.94% അധികരിച്ച തുകയായ 1,78,37,850.00/- (ഒരു കോടി എഴുപത്തിയെട്ട് ലക്ഷത്തി മുപ്പത്തേഴായിരത്തി എണ്ണൂറ്റി അൻപത്) രൂപയുടെ ടെൻഡർ സ്വീകരിക്കുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

19/3/25
S.S

അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
19 MAR

2774

കേരള സർക്കാർ
[ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 1/241/2024/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്. |
| 3 | വിഷയം | : | കണ്ണൂർ ജില്ലയിലെ സുൽത്താൻ കനാലിന്റെ ചെ.0.300 km മുതൽ ചെ.0.460 km വരെ വാടിക്കൽ റോഡിന് വടക്ക വശത്തെ വലതുകര സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണത്തിന് എൽ-1 ബിഡ്ഡർ (M/s TBAS Infrastructure PVT Ltd) സമർപ്പിച്ച PAC തുകയേക്കാൾ 25.94% അധികരിച്ച തുകയായ 1,78,37850.00/-(ഒരു കോടി എഴുപത്തിയെട്ട് ലക്ഷത്തി മുപ്പത്തേഴായിരത്തി എണ്ണൂറ്റി അൻപത്) രൂപയുടെ ടെൻഡർ സ്വീകരിക്കുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവു തീയതി | : | 08/02/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ. |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സജികുമാർ .ജെ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.02.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.02.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10.03.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 10.03.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. കണ്ണൂർ ജില്ലയിലെ സുൽത്താൻ കനാലിന്റെ ചെ. 0.300 km മുതൽ ചെ. 0.460 km വരെ വാടിക്കൽ റോഡിന് വടക്ക വശത്തെ വലതുകര സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണത്തിന് ലഭിച്ച എസ്റ്റിമേറ്റ് പി.എ.സി തുകയേക്കാൾ 25.94% അധികരിച്ച ടെണ്ടർ അംഗീകരിക്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എൻജിനീയർക്ക് അനുമതി നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കണ്ണൂർ ജില്ലയിൽ മാടായി ഗ്രാമ പഞ്ചായത്തിലെ ഒൻപതാം വാർഡിൽ വാടിക്കൽ പാലം മുതൽ കാലിക്കൽ വരെയുള്ള സുൽത്താൻ കനാലിന്റെ സംരക്ഷണഭിത്തിക്ക് 2021 മൺസൂൺ കാലത്തും 2022 മെയ് മാസത്തിലും ഉണ്ടായ കനത്ത മഴയെത്തുടർന്ന് കേടുപാട് സംഭവിക്കുകയും അപകടാവസ്ഥ ഒഴിവാക്കുന്നതിന് താല്ക്കാലിക സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ചെയ്തിരുന്നു. തുടർന്ന് 10.06.2022 -ൽ ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എൻജിനീയർ സ്ഥലസന്ദർശനം നടത്തിയതിനുശേഷം സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണത്തിന് സുൽത്താൻ കനാലിന്റെ വലതുകരയിൽ ചൈനാക്ലേ തോടിന്റെ വടക്കുവശം 80 മീറ്ററും തെക്കുവശം 50 മീറ്ററും ഉൾപ്പെടുത്തി പൈൽ & സ്ലാബ് പ്രൊട്ടക്ഷൻ വർക്ക് (1.80 കോടി രൂപ), സുൽത്താൻ കനാലിന്റെ 0.580 km മുതൽ ചെ. 0.720 km വരെ വലതുകര സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണം (2.00 കോടി രൂപ), സുൽത്താൻ കനാലിന്റെ വലതുകരയിൽ വാടിക്കൽ ബ്രിഡ്ജിന്റെ വടക്ക് വശം ch:0.300 km and 0.460 km (ആകെ 140 മീറ്റർ) തകർന്ന ഭാഗങ്ങളിൽ പൈൽ & സ്ലാബ് പ്രൊട്ടക്ഷൻ വർക്ക് (2.00 കോടി രൂപ) എന്നിങ്ങനെ മൂന്ന് എസ്റ്റിമേറ്റുകളിലായി 5.8 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

3. സുൽത്താൻ കനാലിന്റെ വലതുകരയിൽ വാടിക്കൽ ബ്രിഡ്ജിന്റെ വടക്ക് വശം ch:0.300 km and 0.460 km (ആകെ 140 മീറ്റർ) തകർന്ന ഭാഗങ്ങളിൽ പൈൽ & സ്ലാബ് പ്രൊട്ടക്ഷൻ വർക്കിന് LBS Institute of Technology for Women മുഖേന തയ്യാറാക്കിയ ഡിസൈനിന്റെ അടിസ്ഥാനത്തിൽ സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണ പ്രവൃത്തിക്ക് 1.87 കോടി രൂപയുടെ സാങ്കേതികാനുമതി ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടർ കൊല്ലം നൽകുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തു. മൂന്ന് തവണ പ്രവൃത്തി ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ ബിഡ് സമർപ്പിക്കുകയുണ്ടായില്ല. തുടർന്ന് നാലാം തവണ 07.06.2024 -ലെ ടെൻഡർ പ്രകാരം രണ്ട് കരാറുകാർ ടെൻഡർ ബിഡ് സമർപ്പിച്ചു. ഓരോ ബിഡ്ഡറും കോട്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | TBAS Infrastructure Pvt. Ltd. | 1,78,37,850.05 രൂപ |
| 2 | V C JAMES | 1,83,19,342.03 രൂപ |

4. എസ്റ്റിമേറ്റ് പിഎസി 1,41,64,113/- രൂപ ആയ പ്രസ്തുത പ്രവൃത്തിക്ക് L1 കരാറുകാരൻ ക്വോട്ട് ചെയ്ത തുക 1,78,37,850.05/- രൂപയാണ്. എൽ.എം.ആർ തുക, ഡിഎസ്ആർ + 10% എന്നിവയുമായി ക്വോട്ട് ചെയ്ത തുക താരതമ്യപ്പെടുത്തുമ്പോൾ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 25.94% കൂടുതലാണ്. ടെൻഡർ എക്സസ് 10% ൽ താഴെയായി കുറയ്ക്കുന്നതിന് ടെൻഡറിംഗ് അതോറിറ്റി ആയ ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടർ L1 ബിഡ്ഡറുമായി ചർച്ച നടത്തിയെങ്കിലും, നിരക്ക് കുറയ്ക്കാൻ ബിഡ്ഡർ തയ്യാറായില്ല.

5. <u>ബിഡ്ഡർമാർ ക്വോട്ട് ചെയ്ത തുകയുടെ താരതമ്യപട്ടിക</u>

| Bidder | T.S Amount | Estimate PAC (Rs.) | LMR PAC (Rs.) | Current SoR + 10% (Rs.) | Quoted PAC (Rs.) | Quoted Rate | Remarks |
|---|---|---|---|---|---|---|---|
| TBAS Infrastructure Pvt. Ltd. | 1,78,00,000 | 14164113 | 16372893.22 15.59% >EPAC | 15580525 10.00% >EPAC | 1,78,37850.05 | 25.94% above the estimated rate | L1 |
| V.C JAMES | | | | | 18319342.03 | 29.34 % above the estimated rate | L2 |

6. നാലാം ടെൻഡറിൽ എൽ-1 ബിഡ്ഡർ (M/s TBAS Infrastructure PVT Ltd) ക്വോട്ട് ചെയ്ത എസ്റ്റിമേറ്റ് പി.എ.സി തുകയായ 1,41,64,113/- രൂപയേക്കാൾ 25.94% കൂടുതൽ തുകയായ 1,78,37850.05/-രൂപക്ക് പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിന് അനുമതി നല്കുന്നതിൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് ഫയൽ സമർപ്പിച്ചപ്പോൾ ടി വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:

"Administrative Department is advised to submit the tender of M/s TBAS Infrastructure Pvt Ltd quoted for Rs 178.38 Lakhs, which is 25.94% more than estimated PAC to the Council of Ministers for approval, subject to the following remarks.

(i) Responses are received in the 4th e-tender only with lowest quoted amount as 25.94% above Estimate PAC and the L2 bidder's quoted amount itself exceeds 3.4% than L1 bidder.

(ii) The TS authority shall ensure that design done by the LBS is vetted from the IDRB before commencement of the work.

(iii) The TS authority shall ensure mandatory reporting to the Chief Technical examiner are done in time.

In addition to the mandatory items for reporting, Supplying and driving of Casurina poles shall also be reported to the CTE. AD shall ensure that high quoted items are not exceeded than agreed provision

during execution. This has the approval of Hon'ble Minister(Finance)".

7. എൽ-1 ബിഡ്ഡർ സമർപ്പിച്ച പ്രസ്തുത ടെൻഡർ സ്വീകരിക്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എൻജിനീയർക്ക് അനുമതി നല്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കണ്ണൂർ ജില്ലയിലെ സുൽത്താൻ കനാലിന്റെ ചെ.0.300 km മുതൽ ചെ.0.460 km വരെ വാടിക്കൽ റോഡിന് വടക്ക് വശത്തെ വലതുകര സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണത്തിന് എൽ-1 ബിഡ്ഡർ (M/s TBAS Infrastructure PVT Ltd) സമർപ്പിച്ച PAC തുകയായ 1,41,64,113/- രൂപയേക്കാൾ 25.94% അധികരിച്ച തുകയായ 1,78,37850/-(ഒരു കോടി എഴുപത്തിയെട്ട് ലക്ഷത്തി മുപ്പത്തേഴായിരത്തി എണ്ണൂറ്റി അൻപത്) രൂപയുടെ ടെൻഡർ സ്വീകരിക്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എൻജിനീയർക്ക് താഴെപ്പറയുന്ന വ്യവസ്ഥകളോടെ അനുമതി നല്കാമോ?

1. പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് LBS തയ്യാറാക്കിയ ഡിസൈൻ IDRB പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ടെന്ന് ടി. എസ് അതോറിറ്റി ഉറപ്പാക്കണം.

2.ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നിർബന്ധിത റിപ്പോർട്ടിംഗ് കൃത്യസമയത്ത് നടക്കുന്നുവെന്ന് ടി. എസ് അതോറിറ്റി ഉറപ്പാക്കണം.

3.റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർബന്ധിത ഇനങ്ങൾക്ക് പുറമേ, കാറ്റാടി മരക്കമ്പുകൾ വിതരണം ചെയ്യുന്നതും ഉപയോഗിക്കുന്നതും ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യണം

4.ഉയർന്ന നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള ഇനങ്ങൾ അംഗീകരിച്ച പരിധിയേക്കാൾ ഉയരുന്നില്ലെന്ന് നിർവ്വഹണ സമയത്ത് ചീഫ് എഞ്ചിനീയർ ഉറപ്പാക്കണം.